# വരാനിരിക്കുന്ന നാശങ്ങൾ

ഞാനിന്നുണർന്നതു തന്നെ ഒരു മൃദുസ്പർശമേറ്റാണ്
അമ്മയായിരുന്നില്ല, അച്ഛനായിരുന്നില്ല,
ഈ ലോകത്തെയെല്ലാം തഴുകിയുറക്കുന്ന
ഒരു ഇളംതെന്നലായിരുന്നു.
അവൾക്ക് പണ്ടത്തെ പോലെ പൂക്കളുടെ
സൗന്ദര്യമോ അരുവികളുടെ കുളിരോ
സമ്മാനിക്കാൻ കഴിഞ്ഞില്ല....!
അവൾ വന്നത് എന്നോടൊരു രഹസ്യം പറയാനായിരുന്നു
അവളുടെ നൈർമല്യമെല്ലാം
നഷ്ടമായിരിക്കുന്നുവത്രേ!
ഞാനവളെ അറിയാതെ അനുഗമിച്ചു.
ആ വരണ്ട കാറ്റെന്നോട് അവളുടെ സങ്കടങ്ങൾ
പറയാനൊരുങ്ങി വന്നു.
നിങ്ങളിന്നലെ കത്തിച്ച ചപ്പുചവറുകളുടെ
പുകയും പേറി ഞാനലഞ്ഞ വഴികൾ
മുഴുവൻ എനിക്ക് സമ്മാനിച്ചത് വിഷപ്പുകയും
പൊടിപടലങ്ങളും നഗരത്തിലെ കെട്ട മണവും
മാത്രമാണെന്ന് നിങ്ങളറിയുന്നില്ല.
നിങ്ങളറിയുന്നില്ല എന്റെ മനോദുഃഖം.
നിങ്ങളറിയുന്നുവോ, ഞാനൊരു തപ്തശിലയാണ്,
നിങ്ങളെന്റെ സഹോദരങ്ങളായ മണ്ണിനെയും
മരത്തെയും, പുഴയെയും മലിനമാക്കി.
ഒന്നോർക്കൂ ഇതുവരെ ഞങ്ങൾ സഹിച്ചു.
ഇനി ഞങ്ങൾ തിരിച്ചടിക്കും, നിനക്കെതിരെ
തിരിച്ചടിക്കും....!
എങ്കിലും നീയറിയുക നിന്റെ അത്യാഗ്രഹം
നിന്നെത്തന്നെയാണ് നശിപ്പിക്കുന്നതെന്ന്.
കാറ്റ് കിതച്ചുകൊണ്ട് എങ്ങോ പോയ് മറഞ്ഞു....
ഞാൻ കണ്ണ് തുറന്നു.... ചുറ്റും പരതി നോക്കി
ഇല്ല.... ഇല്ല...ആ കാറ്റിവിടെ ഇല്ല, അവളുടെ മർമ്മരവും

Scanned with CamScanner